<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3805</u> <u>15-07-2022 - ൽ മറുപടിയ്ക്ക്</u>

<u>സ്ത്രീധന നിരോധന നിയമം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമവും അതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിലവിലുണ്ടെങ്കിലും സ്ത്രീധന പീഡനങ്ങളും മരണങ്ങളും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **(എ)** സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമവും അതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിലവിലുണ്ടെങ്കിലും സ്ത്രീധന പീഡനങ്ങളും മരണങ്ങളും തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | എങ്കിൽ ഇതുമായി ബന്ധപ്പെട്ട് 2011 മുതൽ 2022 മെയ് വരെ നടന്ന മരണങ്ങൾ, പീഡനങ്ങൾ എന്നിവ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | (ബി) സ്ത്രീധന പീഡനവുമായി ബന്ധപ്പെട്ട് 2011 മുതൽ 2022 മേയ് വരെ നടന്ന മരണങ്ങൾ, പീഡനങ്ങൾ എന്നിവ സംബന്ധിച്ച് പൊലീസിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ വിശദാംശം അനുബന്ധം -2 ആയി ചേർക്കുന്നു.<br>സ്ത്രീപീഡനവുമായി ബന്ധപ്പെട്ട് 2011 മുതൽ 2022 മെയ് വരെ കേരള വനിതാ കമ്മീഷനിൽ ആകെ 96 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത നിയമവും ചട്ടങ്ങളും കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കുവാനും സ്ത്രീധന പീഡനവും മരണവും ഉണ്ടാകുവാനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണുവാനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) | (സി) സ്ത്രീധന നിരോധന നിയമങ്ങളും ചട്ടങ്ങളും കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കുവാനും സ്ത്രീധന പീഡനവും മരണവും ഉണ്ടാകുവാനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണുവാനുമായി വനിതാശിശുവികസന- ആഭ്യന്തര വകുപ്പുകൾ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തുടർ പ്രവർത്തനങ്ങൾ അനുബന്ധം -3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

നമ്മുടെ സമൂഹത്തിൽ അടിവേരുറച്ച നിൽക്കുന്ന ഒരു സാമൂഹ്യ വിപത്തും ദുരാചാരവും ആണ് സ്ത്രീധന സമ്പ്രദായം. കേരളം ഒരു ഉപഭോക്തൃ സമൂഹമായി മാറിയതിന്റെ ഭാഗമായിതന്നെ സ്ത്രീധന സമ്പ്രദായത്തോടുള്ള ആസക്തിയും വർദ്ധിച്ചുവരുന്നുണ്ട്. പരിഷ്കൃത സമൂഹത്തിന് അഭികാമ്യമല്ലാത്തതും അംഗീകരിക്കാൻ പറ്റാത്തതുമായ സ്ത്രീധന സമ്പ്രദായമെന്ന ദുരാചാരം തുടച്ചുനീക്കേണ്ടത് അനിവാര്യമാണ്. സമൂഹത്തിനുള്ളിൽ നിന്നുതന്നെ അത്തരം കാഴ്ചപ്പാട് മാറ്റുന്നതിനായി സ്ത്രീ-പുരുഷ സമത്വവും തുല്യനീതിയുമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടത് അനിവാര്യമാണ്. ആയതിന്റെ ഭാഗമായി ഭരണഘടന അനുശാസിക്കുന്ന പ്രകാരം സ്ത്രീപദവി ഉയർത്തി സ്ത്രീ ശാക്തീകരണം യഥാർത്ഥ രൂപത്തിൽ കൈവരിക്കാൻ സർക്കാർ നിരവധി പരിപാടികൾ ആവിഷ്കരിച്ചുവരുന്നു. നമ്മുടെ സംസ്ഥാനത്ത് സ്ത്രീധനനിരോധന നിയമം ശക്തമായി നടപ്പിലാക്കുന്നതിനായി വനിതാശിശു വികസന വകുപ്പും ആഭ്യന്തര വകുപ്പും കേരള വനിതാ കമ്മീഷനും സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

### 1. വനിതാശിശുവികസന വകുപ്പ്

- സ്ത്രീധനനിരോധന നിയമം സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരളാ സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും, 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം 1961 പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനർ ആയും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ വീതം ഉൾപ്പെടുത്തിക്കൊണ്ടും ജില്ലാ അഡ്വൈസറി ബോർഡുകൾ പതിനാല് ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.

Sreerav

സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി, വിവാഹിതരാകുന്ന സർക്കാർ ജീവനക്കാരൻ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ് മേധാവികൾക്കും ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ wcd.kerala.gov.in/dowry വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

- "കനൽ" കർമ്മ പദ്ധതിയിലൂടെ ലിംഗപദവി അസമത്വം മാറ്റി ലിംഗ പദവി സമത്വം കൊണ്ടുവരാനായി യുവാക്കളെ കേന്ദ്രീകരിച്ച് ആദ്യഘട്ടത്തിൽ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും ആയത് വഴി സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുകയെന്നതും ലക്ഷ്യമിടുന്നു. സമീപ കാലങ്ങളിൽ വർധിച്ചു വരുന്ന സ്ത്രീധന/ഗാർഹിക പീഡനങ്ങൾ ഇവയെ തുടർന്നുണ്ടാവുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചാരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെകുറിച്ചുള്ള പോസ്റ്ററുകളും ചെറു വിഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

- പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ടെക്നിക്കൽ/നോൺടെക്നിക്കൽ കോളേജുകളിൽ ലിംഗപദവി സമത്വത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജൻഡർ റിലേഷൻസ് ആന്റ് വിമൺ ലെജിസ്ലേഷനുകളെ കുറിച്ച് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. (129569 വിദ്യാർത്ഥികൾക്ക് 725 കോളേജുകളിലായി 1052 സെഷൻസ് നടപ്പിലാക്കി) കൂടാതെ സ്ത്രീ പുരുഷ വിവേചനം

Sum

സമൂഹത്തിൽ നിന്നും തുടച്ചുനീക്കുന്നതിനായി ആദ്യം യുവാക്കളായ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നടത്തേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ലിംഗസമത്വം, സ്ത്രീ സുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിലത്തലാക്കുന്നത്, വിവാഹ ധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് എന്നീ വിഷയങ്ങൾ ടെക്നിക്കൽ/നോൺ ടെക്നിക്കൽ കോളേജുകളിൽ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്.

- 'ഇനി വേണ്ട വിട്ടുവീഴ്ച' എന്ന പേരിൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെ ലിംഗാവബോധ ക്യാമ്പയിനുകൾ നടത്തി വരുന്നു. കൂടാതെ ലിംഗ നീതി സമത്വം/സ്ത്രീ ശാക്തീകരണം/ലിംഗപദവി അസമത്വം എന്നിവ തടയുന്നതിലേക്ക് പ്രത്യേക ഊന്നൽ നൽകി Equal Opportunity to work, The asset resource and capacity building, Equal Voice and Agency, freedom for violence എന്നീ ഘടകങ്ങൾ അടിസ്ഥാനമാക്കി ഒരു ദീർഘകാല കാമ്പയിനാണ് വകുപ്പ് ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്നത്.

- പൊതുസ്ഥലങ്ങളിൽ സ്ത്രീശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു.

- ഗാർഹിക-ലൈംഗിക-സ്ത്രീധന പീഡനങ്ങളെപ്പറ്റിയും അയതുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ നിയമപരിരക്ഷയെക്കുറിച്ച് അവബോധം പൊതുജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുവാനുമായി പീഡനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഡനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, സേവനങ്ങൾ ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും വേണ്ട

സഹായം ലഭ്യമാക്കുവാനും നിർദ്ദേശം നൽകി. ആയതിനായി ഐ സി ഡി എസ് സൂപ്പർവൈസർമാർ അതത് പഞ്ചായത്ത്/സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും പരിരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും, അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ ആയവയ്ക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

- വിവിധ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന 'കാതോർത്ത് പദ്ധതി' 2021 ഫെബ്രുവരി മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം Kathorthu.wcd.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന സ്ത്രീകൾക്ക് പരാതി സമർപ്പിക്കാവുന്നതാണ്. അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്. സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്ന് കൊണ്ട് പ്രശ്നപരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

## 2. ആഭ്യന്തര വകുപ്പ്

- സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പോലീസ് കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ നടന്നാൽ അതിവേഗം FIR രജിസ്റ്റർ ചെയ്യണമെന്നും ഫോറൻസിക് പരിശോധനയ്ക്കുള്ള തെളിവ് ശേഖരണം, മറ്റ് ശാസ്ത്രീയ തെളിവ് ശേഖരിക്കൽ, രണ്ട് മാസത്തിനുള്ളിൽ ലൈംഗികാതിക്രമ കേസുകളുടെ അന്വേഷണം പൂർത്തിയാക്കൽ എന്നിവയെപ്പറ്റി ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യത്തെക്കുറിച്ച് അറിവോ പരാതിയോ ലഭിച്ചാൽ അധികാര പരിധി പരിഗണിക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട

പോലീസ് സ്റ്റേഷനിൽ തുടരന്വേഷണത്തിനായി 24 മണിക്കൂറിനുള്ളിൽ കൈമാറണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**3. കേരള വനിതാ കമ്മീഷൻ**

- സ്ത്രീധനം എന്ന സാമൂഹ്യ തിന്മക്കെതിരേ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്ക്കരണം പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ കേരള വനിതാ കമ്മീഷൻ നടത്തി വരുന്നു. കൂടാതെ വനിതാ കമ്മിഷന്റെ തനത് ബോധവത്ക്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ്വ കൗൺസിലിംഗ്, കലാലയജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി വരുന്നു.

Section officer

# അനുബന്ധം -2

## പട്ടിക-1

| സ്ത്രീധന പീഡനത്തെ തുടർന്നുള്ള മരണങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം | | | | |
|---|---|---|---|---|
| Year | No. of cases registered | No. of cases charge sheeted | No. of cases UI | No. of cases OD (RC/False/UD/UN etc.) |
| 2011 | 17 | 17 | 0 | 0 |
| 2012 | 31 | 30 | 0 | 1 |
| 2013 | 22 | 22 | 0 | 0 |
| 2014 | 21 | 20 | 0 | 1 |
| 2015 | 6 | 5 | 0 | 1 |
| 2016 | 27 | 26 | 0 | 1 |
| 2017 | 13 | 13 | 0 | 0 |
| 2018 | 17 | 15 | 2 | 0 |
| 2019 | 15 | 14 | 0 | 1 |
| 2020 | 12 | 12 | 0 | 0 |
| 2021 | 13 | 11 | 2 | 0 |
| 2022 (upto May) | 10 | 3 | 7 | 0 |

## പട്ടിക - 2

| സ്ത്രീധന പീഡനങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം (സ്ത്രീധന പീഡന മരണങ്ങൾ ഒഴികെയുള്ള കേസുകൾ) | | | | |
|---|---|---|---|---|
| Year | No. of cases registered | No. of cases charge sheeted | No. of cases UI | No. of cases OD (RC/False/UD/UN etc.) |
| 2011 | 5074 | 4669 | 0 | 405 |
| 2012 | 4980 | 4538 | 0 | 442 |
| 2013 | 4594 | 4162 | 0 | 432 |
| 2014 | 4761 | 4253 | 0 | 508 |
| 2015 | 3577 | 3231 | 0 | 346 |

| | | | | |
|---|---|---|---|---|
| 2016 | 3270 | 2957 | 2 | 311 |
| 2017 | 2814 | 2549 | 2 | 263 |
| 2018 | 1980 | 1746 | 2 | 232 |
| 2019 | 2880 | 2609 | 14 | 257 |
| 2020 | 2651 | 2472 | 15 | 164 |
| 2021 | 4866 | 4528 | 145 | 193 |
| 2022 (upto May) | 2253 | 1619 | 598 | 36 |

Section officer

## അനുബന്ധം – 3

നമ്മുടെ സംസ്ഥാനത്ത് സ്ത്രീധനനിരോധന നിയമം ശക്തമായി നടപ്പിലാക്കുന്നതിനായി വനിതാശിശു വികസന വകുപ്പും ആഭ്യന്തര വകുപ്പും കേരള വനിതാ കമ്മീഷനും സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

### 1. വനിതാശിശുവികസന വകുപ്പ്

- സ്ത്രീധനനിരോധന നിയമം സംസ്ഥാനത്ത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരളാ സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും, 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന നിരോധന നിയമം 1961 പ്രകാരമുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ജില്ലാ സ്ത്രീധന നിരോധന ഓഫീസർ കൺവീനർ ആയും ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി 5 അംഗങ്ങളെ വീതം ഉൾപ്പെടുത്തിക്കൊണ്ടും ജില്ലാ അഡ്വൈസറി ബോർഡുകൾ പതിനാല് ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.

- സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സമാപനങ്ങളെയും സംഘടനകളെയും തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി, വിവാഹിതരാകുന്ന സർക്കാർ ജീവനക്കാരൻ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ് മേധാവികൾക്കും ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ wcd.kerala.gov.in/dowry വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

- "കനൽ" കർമ്മ പദ്ധതിയിലൂടെ ലിംഗപദവി അസമത്വം മാറ്റി ലിംഗ പദവി സമത്വം കൊണ്ടുവരാനായി യുവാക്കളെ കേന്ദ്രീകരിച്ച് ആദ്യഘട്ടത്തിൽ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും ആയത് വഴി സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുകയെന്നതും ലക്ഷ്യമിടുന്നു. സമീപ കാലങ്ങളിൽ വർധിച്ചു വരുന്ന സ്ത്രീധന/ഗാർഹിക പീഡനങ്ങൾ ഇവയെ തുടർന്നുണ്ടാവുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചാരണം നടത്തി വരുന്നു. വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെകുറിച്ചുള്ള പോസ്റ്ററുകളും ചെറു വിഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

- പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ടെക്നിക്കൽ/നോൺടെക്നിക്കൽ കോളേജുകളിൽ ലിംഗപദവി സമത്വത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജന്റർ റിലേഷൻസ് ആന്റ് വിമൺ ലെജിസ്ലേഷനുകളെ കുറിച്ച് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിച്ചു. (129569 വിദ്യാർത്ഥികൾക്ക് 725 കോളേജുകളിലായി 1052 സെഷൻസ് നടപ്പിലാക്കി) കൂടാതെ സ്ത്രീ പുരുഷ വിവേചനം സമൂഹത്തിൽ നിന്നും തുടച്ചുനീക്കുന്നതിനായി ആദ്യം യുവാക്കളായ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നടത്തേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ലിംഗസമത്വം, സ്ത്രീ സുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിലത്തലാക്കുന്നത്, വിവാഹ ധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് എന്നീ വിഷയങ്ങൾ ടെക്നിക്കൽ/നോൺ ടെക്നിക്കൽ കോളേജുകളിൽ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്.

- 'ഇനി വേണ്ട വിട്ടുവീഴ്ച' എന്ന പേരിൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെ ലിംഗാവബോധ ക്യാമ്പയിനുകൾ നടത്തി വരുന്നു. കൂടാതെ ലിംഗ നീതി സമത്വം/സ്ത്രീ ശാക്തീകരണം/ലിംഗപദവി അസമത്വം എന്നിവ തടയുന്നതിലേക്ക് പ്രത്യേക ഊന്നൽ നൽകി Equal Opportunity to work, The asset resource and capacity building, Equal Voice and Agency, freedom for violence എന്നീ ഘടകങ്ങൾ അടിസ്ഥാനമാക്കി ഒരു ദീർഘകാല കാമ്പയിനാണ് വകുപ്പ് ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്നത്.

- പൊതുസ്ഥലങ്ങളിൽ സ്ത്രീശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും, സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ വകുപ്പ് മന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികളും അതിവേഗം പുരോഗമിക്കുന്നു.

- ഗാർഹിക-ലൈംഗിക-സ്ത്രീധന പീഡനങ്ങളെപ്പറ്റിയും അയതുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ നിയമപരിരക്ഷയെക്കുറിച്ച് അവബോധം പൊതുജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുവാനുമായി പീഡനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഡനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, സേവനങ്ങൾ ആയത് നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും വേണ്ട സഹായം ലഭ്യമാക്കുവാനും നിർദ്ദേശം നൽകി. ആയതിനായി ഐ സി ഡി എസ് സൂപ്പർവൈസർമാർ അതത് പഞ്ചായത്ത്/സെക്ടർ തലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും പരിരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും, അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യ സഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ ആയവയ്ക്ക് ആവശ്യമായ മാർഗ്ഗ

നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

- വിവിധ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ഓൺലൈൻ കൺസൾട്ടേഷൻ നൽകുന്ന 'കാതോർത്ത് പദ്ധതി' 2021 ഫെബ്രുവരി മുതൽ നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം Kathorthu.wcd.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന സ്ത്രീകൾക്ക് പരാതി സമർപ്പിക്കാവുന്നതാണ്. അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം, കൗൺസിലിംഗ്, നിയമോപദേശം, പോലീസ് സഹായം എന്നിവ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്. സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്ന് കൊണ്ട് പ്രശ്നപരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

- സ്ത്രീധന നിരോധന നിയമം, 1961-ന് ഭേദഗതി വരുത്തേണ്ട ആവശ്യകത പരിശോധിച്ച് കേന്ദ്ര സർക്കാരിന് ശുപാർശകൾ നൽകുന്നതിന്റെ ഭാഗമായി ഒരു വർക്ക്ഷോപ്പ് മാർച്ച് 2022 ൽ നടത്തുകയുണ്ടായി.

## 2. ആഭ്യന്തര വകുപ്പ്

- സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പോലീസ് കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ നടന്നാൽ അതിവേഗം FIR രജിസ്റ്റർ ചെയ്യണമെന്നും ഫോറൻസിക് പരിശോധനയ്ക്കുള്ള തെളിവ് ശേഖരണം, മറ്റ് ശാസ്ത്രീയ തെളിവ് ശേഖരിക്കൽ, രണ്ട് മാസത്തിനുള്ളിൽ ലൈംഗികാതിക്രമ കേസുകളുടെ അന്വേഷണം പൂർത്തിയാക്കൽ എന്നിവയെപ്പറ്റി ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യത്തെക്കുറിച്ച് അറിവോ പരാതിയോ ലഭിച്ചാൽ അധികാര പരിധി പരിഗണിക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ തുടരന്വേഷണത്തിനായി 24 മണിക്കൂറിനുള്ളിൽ കൈമാറണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

Sesna

- **വുമൺ ഡെസ്ക്:** സ്ത്രീകൾക്കും കുട്ടികൾക്കും പരാതികൾ സമർപ്പിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളും സ്ത്രീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ വുമൺ ഡെസ്ക് സംവിധാനം വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു.

- **വനിതാ ഹെൽപ്പ് ലൈൻ:** സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുക എന്ന ലക്ഷ്യത്തോടെ വനിതാ ഹെൽപ്പ് ലൈൻ പ്രവർത്തനമാരംഭിച്ചിട്ടുള്ളതാണ്. സ്ത്രീകൾക്കെതിരെ അനുദിനം വർധിച്ചു വരുന്ന അതിക്രമങ്ങൾ തടയുന്നതിനും അസമയങ്ങളിലും അത്യാവശ്യഘട്ടങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും 24 മണിക്കൂർ അടിയന്തര പോലീസ് സഹായം എത്തിക്കുന്നതിനുമുള്ള സഹായം ചെയ്യുന്നു.

- **പഞ്ചായത്ത് വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം:** സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആഴ്ചയിൽ ഒരു ദിവസം വനിതാ ബീറ്റ് ഓഫീസറുടെ സേവനം ലഭ്യമാക്കുകയും പരാതികൾ സ്വീകരിച്ച് നടപടികൾ എടുക്കുകയും ചെയ്യുന്നു.

- **വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി:** സ്ത്രീകൾക്കും കുട്ടികൾക്കും അതിക്രമങ്ങളിൽ നിന്നു ചെറുത്തു നിൽക്കുന്നതിനുള്ള ആത്മവിശ്വാസം പകരുന്നതിനും ജില്ലയിൽ പരിശീലനം നൽകുന്നതിനുമായി പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരായ നാല് മാസ്റ്റർ ടെസ്റ്റർമാരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ കുടുംബശ്രീ യൂണിറ്റുകൾ, സ്കൂളുകൾ, കോളേജുകൾ, തൊഴിൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സ്ത്രീകൾക്കും കുട്ടികൾക്കും വനിതാ സ്വയം പ്രതിരോധ പരിശീലനം നൽകി വരുന്നു.

- **നിർഭയ ആപ്ലിക്കേഷൻ:** അസമയങ്ങളിലും സുരക്ഷിതമല്ലാത്ത സാഹചര്യങ്ങളിലും അകപ്പെടുന്ന അവസരങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കുന്നതിനായി നിർഭയ ആപ്ലിക്കേഷൻ സേവനം ലഭ്യമാക്കിവരുന്നു.

- **പിങ്ക് പോലീസ് പട്രോൾ:** സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ബസ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ, സ്കൂൾ, കോളേജ് പരിസരങ്ങൾ തുടങ്ങി സ്ത്രീകളും, കുട്ടികളും കൂടുതലായി ചെലവഴിക്കേണ്ടി വരുന്ന

പൊതുസ്ഥലങ്ങളിൽ പോലീസ് സേവനം ലഭ്യമാക്കുകയും ERSS Control room-ൽ നിന്നും ലഭിക്കുന്ന കോളുകളിൽ സ്ഥലത്ത് ചെന്ന് ഉചിതമായ നടപടി സ്വീകരിക്കുന്നുമുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ സേവനം നൽകുക, പൊതുസ്ഥലങ്ങളിലെ അതിക്രമങ്ങൾ തടയുക, കൗമാരക്കാരായ കുട്ടികളെ മയക്കുമരുന്ന് ഉപയോഗത്തിൽ നിന്നും പിന്തിരിപ്പിക്കുക, സ്കൂൾ പ്രവർത്തന സമയങ്ങളിൽ ക്ലാസുകളിൽ കയറാതെ കറങ്ങിനടക്കുന്ന കുട്ടികളെ നിരീക്ഷിക്കുക, പൊതുവാഹനങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പുവരുത്തുക എന്നീ ഡ്യൂട്ടികൾ ചെയ്തുവരുന്നു.

- **<u>പിങ്ക് പ്രൊട്ടക്ഷൻ പ്രൊജക്റ്റ് – പിങ്ക് റോമിയോ:</u>** സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വീടുകൾ സന്ദർശിച്ച്, ഗാർഹിക അതിക്രമങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്ന സ്ത്രീകൾ, കുട്ടികൾ എന്നിവരെ കണ്ടെത്തി പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ മറ്റു വകുപ്പുകളുടെ സഹകരണത്തോടെ നൽകി വരുന്നു.

- **<u>പിങ്ക് ജനമൈത്രി ബീറ്റ്:-</u>** സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ വനിതാ പോലീസ് ഉദ്യോഗസ്ഥർ തങ്ങളുടെ സ്റ്റേഷൻ പരിധികളിൽ വീട്ടു സന്ദർശനം നടത്തി സ്ത്രീധനസംബന്ധമായ പരാതികൾ, ഗാർഹിക അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ എന്നിവ കണ്ടെത്തി പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ സേവനങ്ങൾ നൽകിവരുന്നു. ഗാർഹിക പീഡനത്തിനിരയായ സ്ത്രീകളുടെ സുരക്ഷയ്ക്കും സഹായത്തിനുമായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

- **<u>ക്രൈം പ്രിവൻഷൻ ആന്റ് ഫാമിലി കൗൺസെലിംഗ് സെന്റർ:</u>** സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസെലിംഗ് നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്നു. അതിക്രമങ്ങൾക്കിരയായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പിന്തുണ നൽകുക, കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ കൗൺസെലിംഗ് നൽകുക, ബോധവത്കരണ ക്ലാസുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് നിയമനടപടികളുമായി മുന്നോട്ടുപോകേണ്ടവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുക എന്നിവയാണ് പ്രവർത്തനങ്ങൾ.

- **ഡൊമസ്റ്റിക് കോൺഫ്ലിക്റ്റ് റെസൊല്യൂഷൻ സെന്റർ:** വർദ്ധിച്ചു വരുന്ന അതിക്രമങ്ങളിൽ ഉടൻ പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ഡൊമസ്റ്റിക് കോൺഫ്ലിക്റ്റ് റെസൊല്യൂഷൻ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. ഗാർഹിക പീഡന പരാതികളിൽ വനിതാ സെൽ, പിങ്ക് പോലീസ് പട്രോൾ എന്നീ സേവനങ്ങളുടെ സഹായത്തോടെ പരാതികളിൽ പരിഹാരം കാണുകയും നടപടി കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. കൗൺസെലിംഗ് ആവശ്യമായ പരാതികളിൽ കൗൺസെലിംഗ് സേവനവും നൽകി വരുന്നു.

- **അപരാജിത ഓൺലൈൻ:** സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ഗാർഹിക അതിക്രമങ്ങൾ, സൈബർ അതിക്രമങ്ങൾ മുതലായ വിഷയങ്ങളിലുള്ള പരാതികളിൽ ഉടൻ പരിഹാരം കാണുന്നതിനായി 'അപരാജിത' ഓൺലൈൻ സംവിധാനം പ്രവർത്തിച്ചു വരുന്നു.

- **വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ:** കേന്ദ്ര സർക്കാർ ധനസഹായത്തോടു കൂടി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ വനിതാശിശു വികസന വകുപ്പിനു കീഴിൽ വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ പ്രവർത്തിച്ചുവരുന്നതും One Stop Crisis Centre-ൽ പോലീസ് ഫെസിലിറ്റേഷൻ ഓഫീസർമാരായി 3 വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതുമാണ്. മൊഴി രേഖപ്പെടുത്തുന്നതിന് സഹായിക്കുക, ലഭിക്കുന്ന പരാതികളിൽ അടിയന്തര പോലീസ് സഹായം നൽകുക, ആവശ്യമായ സന്ദർഭങ്ങളിൽ പോലീസ് സുരക്ഷ ഉറപ്പുവരുത്തുക എന്നീ സേവനങ്ങൾ വൺസ്റ്റോപ്പ് ക്രൈസിസ് സെന്ററിൽ നിന്നും ചെയ്തുവരുന്നു.

- **വിക്ടിം ലെയ്സൺ ഓഫീസർ:** അതിക്രമങ്ങൾക്കിരയായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണയും നിയമസഹായവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി വിക്ടിം ലെയ്സൺ ഓഫീസറെ നിയമിക്കുകയും സേവനം ലഭ്യമാക്കിയും വരുന്നുണ്ട്.

- **ടോൾ ഫ്രീ നമ്പറുകൾ:** സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ അറിയിക്കുന്നതിനായി 112 (ERSS), 1515 എന്നീ ടോൾ ഫ്രീ നമ്പറുകൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ ബോധവത്കരണം നടത്തിവരുന്നു.

Seen

**<u>3. കേരള വനിതാ കമ്മീഷൻ</u>**

സ്ത്രീധനം എന്ന സാമൂഹ്യതിന്മക്കെതിരേ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്ക്കരണം പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ കേരള വനിതാ കമ്മീഷൻ നടത്തി വരുന്നു. കൂടാതെ വനിതാ കമ്മിഷന്റെ തനത് ബോധവത്ക്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ്വ കൗൺസെലിംഗ്, കലാലയജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി വരുന്നു. വർദ്ധിച്ച വരുന്ന വിവാഹ ധൂർത്തും ആർഭാടവും തടയുന്നതിനായി സ്ത്രീധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി കേരള വനിതാ കമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച വരുന്നു.

Section Officer